**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരിയിലുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ജീർണ്ണ അവസ്ഥയിലുള്ള വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വടക്കാഞ്ചേരി 2 വില്ലേജിൽ പി.ഡബ്ല്യൂ.ഡി. എൻ.എച്ച് പുറമ്പോക്കിലെ 60 സെന്റ് സ്ഥലം കൈമാറ്റം ചെയ്തുകൊണ്ട് അവിടെ ഒരു പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (എ) | വടക്കഞ്ചേരി (പാലക്കാട്) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. കെ.എസ്.ആർ. ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. അതിന് പകരമായി വടക്കഞ്ചേരി 2 വില്ലേജിലെ പൊതുമരാമത്ത് വകുപ്പ് എൻ.എച്ച്. പുറമ്പോക്കിലെ 60 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കാണുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ